# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: T 6434 08.11.2016 ൽ മറുപടിക്ക്

### ദേശീയ ജലപാത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് ഏതെല്ലാം ജലഗതാഗത പാതകളാണ് ദേശീയ ജലപാതകളായി വികസിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) കോവളം മുതൽ നീലേശ്വരം വരെ വ്യാപിച്ചു കിടക്കുന്ന 590.18 കി.മി നീളമുള്ള വെസ്റ്റ് കോസ്റ്റ് കനാലാണ് സംസ്ഥാനത്തെ ഉൾനാടൻ ജലപാത. ആയതിൽ ഒന്നാംഘട്ടമായി കൊല്ലം മുതൽ തൃശ്ശൂർ കോട്ടപ്പുറം വരെയുള്ള 168 കി.മീറ്റർ ജലപാതയെയും ഉദ്യോഗമണ്ഡൽ കനാൽ (23 കി.മീ.), ചമ്പക്കര കനാൽ (14 കി.മി) എന്നീ ഉപകനാലുകളെയും "നാഷണൽ വാട്ടർവേ ആക്ട് 1992" പ്രകാരം ദേശീയ ജലപാതകളായി പ്രഖ്യാപിച്ചിട്ടുണ്ട്. രണ്ടാം ഘട്ടമായി 2016 മാർച്ച് 25-ലെ ഭാരത സർക്കാർ ഗസറ്റ് വിജ്ഞാപനപ്രകാരം "നാഷണൽ വാട്ടർവേ ആക്ട് 2016" അനുസരിച്ച് കൊല്ലം കോട്ടപ്പുറം പാതയെ കോഴിക്കോട് വരെ 160 കി.മീ. ദീർഘിപ്പിക്കുകയും, ആലപ്പുഴ – ചങ്ങനാശ്ശേരി കനാൽ, ആലപ്പുഴ – കോട്ടയം – അതിരമ്പുഴ കനാൽ, കോട്ടയം – വൈക്കം കനാൽ, എന്നീ ഉപകനാലുകളും ദേശീയ ജലപാതയായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ജലപാതകളുടെ മേൽനോട്ടം ഇൻലാൻഡ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ ആണ് നിർവ്വഹിക്കുന്നത്. |

| | |
|---|---|
| (ബി) ആയതിന് കേന്ദ്രസർക്കാരുമായി ഏതു തരത്തിലുള്ള ഇടപെടലാണ് ഈ സർക്കാർ നടത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;<br><br>(സി) പ്രസ്തുത വിഷയത്തിൽ കേന്ദ്ര സർക്കാരിന്റെ പ്രതികരണം ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) യും (സി) യും കോവളം മുതൽ നീലേശ്വരം വരെ വ്യാപിച്ചു കിടക്കുന്ന വെസ്റ്റ് കോസ്റ്റ് കനാലിൽ കൊല്ലം മുതൽ തൃശ്ശൂർ കോട്ടപ്പുറം വരെയുള്ള ജലപാതയെയും ഉപകനാലുകളെയും 'നാഷണൽ വാട്ടർവേ ആക്ട് 1992' പ്രകാരം ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ടുണ്ട്. രണ്ടാംഘട്ടമായി 25.03.2016 ലെ ഭാരതസർക്കാർ ഗസറ്റ് വിജ്ഞാപന പ്രകാരം 'നാഷണൽ വാട്ടർവേ ആക്ട് 2016' അനുസരിച്ച് കൊല്ലം - കോട്ടപ്പുറം ജലപാതയെ കോഴിക്കോട് വരെ ദീർഘിപ്പിക്കുകയും ഉപകനാലുകളെ ദേശീയ ജലപാതയായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തെക്ക് കോവളം മുതൽ കൊല്ലം വരെയും വടക്ക് കോഴിക്കോട് മുതൽ ഹോസ്ദുർഗ് വരെയുള്ള ഭാഗം കൂടി നാഷണൽ വാട്ടർവേയുടെ പരിധിയിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയുണ്ടായി . ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ പ്രതികരണം ലഭ്യമായിട്ടുണ്ട്. NATPAC -ന്റെ പഠനത്തിന്റെ അടിസ്ഥാനത്തിൽ വർക്കല തുരങ്കത്തിന്റെ സാന്നിദ്ധ്യം മൂലം കോവളം മുതൽ കൊല്ലം വരെയുള്ള ഭാഗങ്ങൾ ദേശീയ ജലപാത നിലവാരത്തിലേക്കുയർത്തുന്നതിന് സാങ്കേതികമായ ബുദ്ധിമുട്ടുകളുണ്ടെന്നും നാഷണൽ വാട്ടർവേ ആക്ടിൽ ഭാവിയിൽ ഭേദഗതികൾ വരുത്തുമ്പോൾ കേരള സർക്കാരിന്റെ ആവശ്യങ്ങൾ പരിഗണിക്കുന്നതാണെന്നും കേന്ദ്ര സർക്കാർ അറിയിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ